(ബി) ചൊവ്വര പദ്ധതിക്ക് എൽ.ഐ.സി.യാണ് വായ്പ നൽകുന്നത്.

എസ്റ്റിമേറ്റ് തുക - 37.23. കോടി രൂപ

എൽ.ഐ.സി.യിൽ നിന്നും
കിട്ടുന്ന മൊത്തം വായ്പ - 11.48 കോടി രൂപ

വായ്പയുടെ ആദ്യ ഗഡു 3-1998-ൽ ലഭിച്ചു. ഇതുവരെ (3-1999 വരെ) 4.80 കോടി രൂപ ലഭിച്ചു.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഓഫറിൽ മേൽ തീരുമാനത്തിനു ശേഷം പണി ആരംഭിച്ച് 24 മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

ആറൻമുള സത്രം കടവിൽ വ്യൂ ടവർ

62 (226) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) വ്യൂ ടവറിന്റെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി&സി) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിശദമായ പഠനത്തിന് ശേഷമേ ഇതു നടപ്പിലാക്കാനാവൂ.

കുര്യാർകുറ്റി - കാരപ്പാറ ജലസേചന പദ്ധതി

63 (227) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് ലഭിച്ചത്;

(ബി) അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ ആവശ്യത്തിന് മതിയായ ജലം ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നല്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly